# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **4779**     19.05.2017-ൽ മറുപടിക്ക്

## മൃഗശാലകളുടെ നവീകരണം

<u>ചോദ്യം</u>

ശ്രീ. എം.സ്വരാജ്

<u>മറുപടി</u>

ശ്രീ. കെ.രാജു
(ബഹു.വനവും മൃഗസംരക്ഷണവും
ക്ഷീരവികസനവും മൃഗശാലകളും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| | മൃഗശാലകളുടെ നവീകരണത്തിനും അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനുമായി എന്തെങ്കിലും പദ്ധതികൾ നടത്തി വരുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ? | | മൃഗശാലയുടെ നവീകരണത്തിനായി കേന്ദ്ര മൃഗശാല അതോറിറ്റി അംഗീകരിച്ച മാസ്റ്റർ പ്ലാൻ പ്രകാരമുള്ള നവീകരണ പ്രവർത്തനങ്ങൾ തിരുവനന്തപുരം മൃഗശാലയിൽ നടത്തി വരുന്നുണ്ട്. ജലപക്ഷികൾക്കുള്ള വാസസ്ഥലം, നീർനായയ്ക്കുള്ള പരിബന്ധനങ്ങളുടെ നിർമ്മാണം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. ഇന്ത്യൻ കാട്ടുപോത്തുകളെ പാർപ്പിക്കുന്നതിനുള്ള പരിബന്ധനത്തിന്റെ നിർമ്മാണ പ്രവർത്തനം. അക്വേറിയത്തിന്റെ ആധുനിക വൽക്കരണത്തിന്റെ ഭാഗമായി നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ നടന്നുവരുന്നു. മൃഗശാലയിൽ സ്ത്രീ സൗഹാർദ്ദപരവും വിശ്രമമുറിയും ചേർന്ന ടോയലറ്റ്, മദേഴ്സ് ഫീഡിംഗ് സെന്റർ എന്നിവയുടെ നിർമ്മാണത്തിനു അനുമതി നൽകിയിട്ടുണ്ട്. ഇന്റർപ്രട്ടേഷൻ സെന്റർ ആരംഭിയ്ക്കുന്നതിന് വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. മൃഗശാല യിലേയ്ക്ക് ജിറാഫ്, സീബ്ര, വെള്ളസിംഹം, ജാഗ്വാർ, ഏഷ്യൻ സിംഹങ്ങൾ, കഴുതപ്പുലികൾ എന്നിവയെ എത്തിയ്ക്കുന്നതിന് വേണ്ട പ്രൊപ്പോസലുകൾക്ക് കേന്ദ്ര മൃഗശാല അതോറിറ്റിയുടെ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**